ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**
**0471 2561307**

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം – ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം -ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ നിന്നും കെമിക്കൽ എഞ്ചിനിയറിംഗ് വിഭാഗം ഡെമോൺസ്ട്രേറ്റർ/ ഇൻസ്ട്രക്ടർ ഗ്രേഡ് II തസ്തികയിലേയ്ക്ക് തസ്തിക മാറ്റം വഴി നിയമനം നൽകി - ഉത്തരവ് – പുറപ്പെടുവിക്കുന്നു

---

ജീവനക്കാര്യം (C) വിഭാഗം

നം.DTETVM/6133/2025-EC4 (EC) തിരുവനന്തപുരം, തീയതി : 21-07-2025

---

വായന :- 1. സർക്കാർ ഉത്തരവ് ജി. ഒ. (പി) 503/2012/HEDN, തീയതി. 12-10-2012
2. ഈ ആഫീസിലെ 17/01/2025 തീയതിയിലെ DTETVM/8432/2024-EG3(EG) നമ്പർ ഉത്തരവ്.

**ഉത്തരവ്**

ഈ വകുപ്പിലെ കെമിക്കൽ എൻജിനിയറിങ് വിഭാഗം ഡെമോൺസ്ട്രേറ്റർ/ ഇൻസ്ട്രക്ടർ ഗ്രേഡ് II തസ്തികകളിലേക്ക് ട്രേഡ് ഇൻസ്ട്രക്ടർമാരിൽ നിന്നുള്ള തസ്തിക മാറ്റം വഴിയുള്ള നിയമനത്തിനും നേരിട്ടുള്ള നിയമനത്തിനും 1:1 അനുപാതം സൂചന 1 ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള വിശേഷാൽ ചട്ടങ്ങളിൽ നിർദേശിക്കപ്പെട്ടിട്ടുണ്ട്. നിലവിൽ വിരമിക്കൽ മുഖാന്തിരം ഉണ്ടായ ഒരു ഒഴിവാണ് സൂചന ഒന്നിലെ വിശേഷാൽ ചട്ട പ്രകാരം തസ്തിക മാറ്റം വഴി നികത്തപ്പെടേണ്ടത്. ടി ഒഴിവിലേക്ക് തസ്തികമാറ്റ നിയമനത്തിനായി സൂചന 2 പ്രകാരം പ്രസിദ്ധീകരിക്കപ്പെട്ട ട്രേഡ് ഇൻസ്ട്രക്ടർമാരുടെ സംയോജിത മുൻഗണനാ പട്ടികയിൽ നിന്നും താഴെ പറയുന്ന ഉദ്യോഗസ്ഥനെ 41300-87000/- രൂപ ശമ്പള സ്കെയിലിൽ, കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസ്, 1958 റൂൾ 28 (b) (ii) പ്രകാരം തസ്തിക മാറ്റം വഴി കെമിക്കൽ എഞ്ചിനിയറിംഗ് വിഭാഗം ഡെമോൺസ്ട്രേറ്റർ/ഇൻസ്ട്ടർ ഗ്രേഡ് II വിഭാഗം തസ്തികയിൽ നിയമിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | മുൻ ഗണന പട്ടികയിലെ ക്രമ നമ്പർ | പേര്, ഉദ്യോഗപ്പേര്, ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥലം മാറ്റപ്പെട്ട സ്ഥാപനം |
|---|---|---|---|
| 1 | 01 | ശ്രീ. ഷാബു പി<br>ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് I<br>(കെമിക്കൽ എൻജിനിയറിങ്),<br>കേരള ഗവ പോളിടെക്നിക്ക് കോളേജ്,വെസ്റ്റ് ഹിൽ, കോഴിക്കോട്<br>PEN:692281 | കേരള ഗവ പോളിടെക്നിക്ക് കോളേജ്,വെസ്റ്റ് ഹിൽ, കോഴിക്കോട്<br>(വിരമിക്കൽ ഒഴിവ്) |

തുടർച്ചയായ മൂന്നു വർഷത്തിനുള്ളിൽ രണ്ടു വർഷത്തെ യഥാർത്ഥ സേവനം ടി ഉദ്യോഗസ്ഥൻറെ നിരീക്ഷണ കാലയളവായി പൂർത്തീകരിക്കേണ്ടതാണ്. അയോഗ്യനാണെന്ന് കണ്ടെത്തുകയോ ഒഴിവില്ലാത്ത സാഹചര്യമുണ്ടാകുകയോ ചെയ്താൽ തസ്തിക മാറ്റ നിയമനം റദ്ദാക്കപ്പെടുന്നതായിരിക്കും. ടി ഉദ്യോഗസ്ഥനെ ബന്ധപ്പെട്ട സ്ഥാപന മേധാവി ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും വിടുതൽ,/പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

Signed by
Ani Abraham
Date: 21-07-2025 12:39:19

ANI ABRAHAM

SENIOR JOINT DIRECTOR (PS)

സ്വീകർത്താവ്,

1. ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്/ഉദ്യോഗസ്ഥർക്ക് (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. EB2 സെക്ഷൻ
3. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്